ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ശുദ്ധജലവിതരണ പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്ന നിലവിലുള്ള ഉപദേശകബോർഡ് യോഗം ചേരാത്തതിന്റെ ഫലമായി പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റ് രൂപം കൊടുത്തിട്ടുള്ള ചില പദ്ധതികളും നടപ്പിൽ വരുത്താത്ത സാഹചര്യം ഉള്ളതായി അറിയാമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: അഡൈ്വസറി യോഗം കൂടാത്തതുകൊണ്ട് പദ്ധതികളും നടപ്പിലാക്കാതിരിക്കുകയാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി. വാസുദേവമേനോൻ: കൊല്ലങ്കോട് തുടങ്ങിയ അഞ്ചു പഞ്ചായത്തുകളും വാട്ടർസപ്ലൈ സ്കീം നടപ്പാക്കുന്നതിന് റൂറൽ ഡെവലപ്പുമെന്റുബോർഡിനു മൂന്നു കൊല്ലംമുൻപ് അപേക്ഷിച്ചിട്ട് എൽ.ഐ.സിയിൽ ലോണിന് അപേക്ഷിച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് കിട്ടിയത്. ഈ മൂന്നു കൊല്ലമായി ലോൺ അനുവദിക്കാത്തത് വാട്ടർ ബോർഡ് രൂപീകരിക്കാത്തതുകൊണ്ടാണോ; അങ്ങനെയാണെങ്കിൽ ഇതു എന്നു രൂപീകരിക്കാൻ കഴിയുമെന്നു ഉറപ്പു നൽകാൻ കഴിയുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വാട്ടർബോർഡ് കഴിയുന്നതും വേഗം രൂപീകരിക്കാമെന്നു ഉറപ്പു നൽകാനേ സാധിക്കുകയുള്ളു. ഇപ്പോഴും റൂറൽ ഡവലപ്പുമെന്റു ബോർഡിനു എൽ.ഐ.സി.യിൽനിന്നു പണം കിട്ടുന്നില്ല.

(ചോദ്യം 247 ചോദിച്ചില്ല.)

മുനിസിപ്പാലിറ്റികളായി ഉയർത്തപ്പെട്ട പഞ്ചായത്തുകൾ

*230 [248] ശ്രീ. വട്ടിയൂർക്കാവ് രവി:

,, ആർ. സുന്ദരേശൻ നായർ:

,, എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978 ഏപ്രിൽമാസം 1-ാം തീയതിക്കുശേഷം ഇതുവരെയായി സംസ്ഥാനത്തെ ഏത്ര പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി ഉയർത്തപ്പെട്ടിട്ടുണ്ട്;

(ബി) പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) പത്തു പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായ് ഉയർത്തിയിട്ടുണ്ട്.

(ബി) (1) പ്രദേശം നഗരസ്വഭാവമുള്ളതായിരിക്കണം. അതായത് പ്രസ്തുത പ്രദേശത്തെ പ്രായപൂർത്തിയായവരിൽ മുക്കാൽ ഭാഗമെങ്കിലും കാർഷികേതര തൊഴിലുകളിൽ വ്യാപൃതരായിരിക്കണം.

(2) പ്രസ്തുത പ്രദേശത്തെ ജനസംഖ്യ ഇരുപതിനായിരത്തിൽ കുറയരുത്. ജനസാന്ദ്രത 2.59 ചതുരശ്ര കിലോമീറ്ററിനു നാലായിരത്തിൽ കുറയരുത്.

(3) പ്രസ്തുത പ്രദേശത്തെ പ്രതിശീർഷ വരുമാനം അഞ്ചു രൂപയിൽ കുറയരുത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വട്ടിയൂർക്കാവ് രവി: പല പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളായി ഉയർത്തിക്കൊണ്ടിരിക്കുന്ന കേരളത്തിൽ തലസ്ഥാന നഗരികൂടിയായ തിരുവനന്തപുരം ജില്ലയിൽ നിലവിലിരിക്കുന്ന സിറ്റി കോർപ്പറേഷനും മൂന്നു മുൻസിപ്പാലിറ്റികളുമൊഴിച്ചുള്ള പഞ്ചായത്തുകളെയെല്ലാം മുൻസിപ്പാലിറ്റികളായി മാറ്റാനുള്ള ഏതെങ്കിലും നടപടി ഗവൺമെൻറിന്റെ ശ്രദ്ധയിലുണ്ടോ? അതേ സംബന്ധിച്ചു എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ നേരത്തെ പറഞ്ഞ യോഗ്യതകളുള്ള പഞ്ചായത്തുകളെ മുൻസിപ്പാലിറ്റികളായി ഉയർത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഈ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളായി ഉയർത്തിയതിനുശേഷം അവിടെ നിലവിലുണ്ടായിരുന്ന കമ്മിറ്റികളെ പിരിച്ചുവിട്ട് ആ സ്ഥാനങ്ങളിൽ സ്പെഷ്യൽ ആഫീസറൻമാർ ഭരണം നടത്തുകയാണ്. അതുകൊണ്ട് ഡവലപ്പ്മെൻറ് വർക്കുകൾ ശരിയായി നടക്കുന്നില്ല എന്നുള്ള പരാതിയെ അടിസ്ഥാനപ്പെടുത്തി ഒരു തിരഞ്ഞെടുപ്പു നടക്കുന്നതുവരെ ജനകീയ ബോഡികളെ നോമിനേറ്റു ചെയ്യുന്നതിന് ഗവൺമെൻറ് സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: പഞ്ചായത്തുകളിലായാലും മുനിസിപ്പാലിറ്റികളിലായാലും നോമിനേഷന് എതിരഭിപ്രായമാണുള്ളത്. അതുകൊണ്ട് ആലോചിച്ചിട്ടേ പറയാൻ ഒക്കുകയുള്ളൂ.

ശ്രീ. എസ്. തങ്കപ്പൻപിള്ള: അതുപോലെ പഞ്ചായത്തുകളിലും കമ്മിറ്റികൾ ഇല്ലാതെ പ്രവർത്തനം നടക്കുന്നതുകൊണ്ട് പിരിച്ചുവിട്ട പഞ്ചായത്തുകളിൽ കമ്മിറ്റിയെ എടുക്കുന്നതിനു നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പഞ്ചായത്തുകളുടെ ചോദ്യം ഇപ്പോൾ ഉൽഭവിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പുതുതായി രൂപീകരിച്ചിട്ടുള്ള മുനിസിപ്പാലിറ്റികളിൽ ആവശ്യമായ സ്റ്റാഫിനെ ഇതുവരെ കൊടുത്തിട്ടില്ല. അതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഏർപ്പാടുകൾ ചെയ്യുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏതെങ്കിലും മുനിസിപ്പാലിറ്റികളിൽ സ്റ്റാഫ് പോരായെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ അത് ഗവൺമെൻറിന്റെ ധനസ്ഥിതിയനുസരിച്ച് അനുവദിച്ചുകൊടുക്കുന്നതാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: പത്തു പഞ്ചായത്തുകളിൽ ഏതെങ്കിലും പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കരുതെന്നു പറഞ്ഞ് നിവേദനം തന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ മുനിസിപ്പാലിറ്റി ആക്കാതിരിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ പഞ്ചായത്തുകളിൽ നിന്നും നിവേദനം വന്നതായി ഫയലുകളിൽ കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ജോസഫ്: ഏതെങ്കിലും ജില്ലകളിൽ ഒരു മുനിസിപ്പാലിറ്റി മാത്രമുള്ള ജില്ലയുണ്ടോ; ഉണ്ടെങ്കിൽ അവിടെ കൂടുതൽ മുനിസിപ്പാലിറ്റികളും അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുനിസിപ്പാലിറ്റികളും എങ്ങനെയാണ് അനുവദിക്കുന്നതെന്ന തത്ത്വം ഞാൻ ആദ്യമേ പറഞ്ഞു. ആ നിബന്ധനകൾക്കു വിധേയമായി മാത്രമേ മുനിസിപ്പാലിറ്റികളും അനുവദിക്കാൻ കഴിയുകയുള്ളു. ഒരു ജില്ലയിൽ ഇത്ര മുനിസിപ്പാലിറ്റി എന്നു തീരുമാനമെടുത്തിട്ടില്ല.

ശ്രീ. ടി. കെ. അബ്ദു: പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി അംഗീകരിച്ചതിനുശേഷം ഏലൂർ മുനിസിപ്പാലിറ്റി ഇപ്പോഴും പഞ്ചായത്തായിത്തന്നെ നിലനിറുത്തണമെന്നു പറഞ്ഞ് അടുത്തദിവസം മന്ത്രിക്ക് ഒരു നിവേദനം കിട്ടിയിട്ടില്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏലൂർ മുനിസിപ്പാലിറ്റിയെക്കുറിച്ച് അങ്ങനെയൊരു നിവേദനം കിട്ടിയതായി ഫയലിൽ കാണുന്നില്ല. ഓർമ്മയിൽ കിട്ടിയതായി തോന്നുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മുനിസിപ്പാലിറ്റിയായി രൂപീകരിക്കപ്പെട്ടത് തുടരുകയാണെങ്കിലും മേലിലെങ്കിലും അതാതു പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളായി രൂപീകരിക്കേണ്ടതില്ലെന്നു നിവേദനം കിട്ടിയാൽ, ഏതു പരിഗണനയുണ്ടെങ്കിലും ശരി നോംസുണ്ടെങ്കിലും അങ്ങനെ മുനിസിപ്പാലിറ്റിയായി രൂപീകരിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോംസ് ഉണ്ടെങ്കിൽ രൂപീകരിക്കാതിരിക്കാൻ ഒക്കുകയില്ല.

മൽസ്യബന്ധന ഉപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം

*231 [249] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വലകളും, വഞ്ചികളും തുടങ്ങിയ മൽസ്യബന്ധന ഉപകരണങ്ങളും കടലിൽ നഷ്ടപ്പെട്ടുപോയാൽ അവയ്ക്കുപകരം ഉപകരണങ്ങളും വാങ്ങുന്നതിന് ആവശ്യമായ ധനസഹായം ഗ്രാൻറായോ ലോണായോ നൽകാൻ സംവിധാനങ്ങളും വല്ലതുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്;

(സി) 1978-79 കാലത്ത് ഇതുവരെ ഇപ്രകാരം ഏതേതിനത്തിൽ എന്തു സഹായം നൽകിയിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ, ബി) മൽസ്യബന്ധന ഉപകരണങ്ങളും കടലിൽ നഷ്ടപ്പെട്ടാൽ, ഗ്രാൻറായോ ലോണായോ ധനസഹായം നൽകുന്നതിനുള്ള സംവിധാനം ഇപ്പോഴും ഇല്ല. വഞ്ചി, കട്ടമരം എന്നിവ മൽസ്യബന്ധനവേളയിൽ നഷ്ടപ്പെട്ടുപോയാൽ പരമാവധി 500 രൂപവരെ മൽസ്യത്തൊഴിലാളി ദുരിതാശ്വാസ നിധിയിൽ നിന്നും സഹായധനം നൽകുന്നുണ്ട്. വലകളും നഷ്ടപ്പെട്ടാൽ ധനസഹായം നൽകുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly